I/146269/2023

ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: ew.pdlsgd@kerala.gov.in

കേരള സർക്കാർ

നമ്പർ: LSGD/PD/67482/2023-DB4 തീയതി: 07-12-2023

## സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.- 'മാലിന്യ മുക്തം നവകേരളം' - പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയതിലെ പുരോഗതി അവലോകനം - സംബന്ധിച്ച്

സൂചന: 1. ബഹു. തദ്ദേശ സ്വയം ഭരണവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 05.12.2023 ൽ നടന്ന അവലോകനയോഗം

'മാലിന്യ മുക്തം നവകേരളം' മായി ബന്ധപ്പെട്ട് ബഹു. തദ്ദേശ സ്വയം ഭരണവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 05.12.2023 ൽ നടന്ന അവലോകനയോഗത്തിൽ, ടി വിഷയവുമായി ബന്ധപ്പെട്ട് 28.12.2023 ൽ ബഹു. തസ്വഭവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു അവലോകനയോഗം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ടി യോഗത്തിന് മുന്നോടിയായി 12.12.2023 ന് തസ്വഭവകുപ്പ് ചീഫ് എൻജിനീയർ ഓൺലൈനായി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയതിലെ പുരോഗതി അവലോകനം ചെയ്യുന്നതാണ്. ടി യോഗത്തിൽ എല്ലാ കോർപ്പറേഷൻ സൂപ്രണ്ടിങ് എൻജിനീയർമാരും, മേഖല സൂപ്രണ്ടിങ് എൻജിനീയർമാരും, ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർമാരും പങ്കെടുക്കേണ്ടതാണ്. മീറ്റിംഗിന്റെ സമയം, ലിങ്ക് എന്നിവ ഇമെയിൽ മുഖാന്തിരം അയച്ചു നൽകുന്നതാണ്. ടി യോഗത്തിന് മുൻ പായി **P-1242** എന്ന പ്രൊഫോർമ അപ്ഡേറ്റ് ചെയ്യേണ്ടതും, കോർപ്പറേഷനിൽ അതാത് സൂപ്രണ്ടിങ് എൻജിനീയർമാരും, മുനിസിപ്പാലിറ്റികളെ ഉൾപ്പെടുത്തി മേഖലാ സൂപ്രണ്ടിങ് എൻജിനീയർമാരും, ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകളെ ഉൾപ്പെടുത്തി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർമാരും ടി പ്രൊഫോർമയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവലോകനയോഗം നടത്തേണ്ടതാണ്.

കൂടാതെ Incinerator പ്രോജക്ടുകൾ നടപ്പിലാക്കാൻ വേണ്ടി പദ്ധതി വച്ചിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇത് സംബന്ധിച്ച വിവരങ്ങൾ **F-1256** എന്ന പ്രൊഫോർമയിൽ 12.12.2023 ന് മുൻപായി രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
**Latha MS**
**DEPUTY CHIEF ENGINEER**

Signed by
Latha Ms
Date: 07-12-2023 10:41:20